(സി) പ്രസ്തുത തീരുമാനം നടപ്പിൽ വരുത്തുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

പോലീസ് അക്രമം

*൧൧൪൬. (൫൩) ശ്രീ. എ. കെ. പാച്ചുപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ ഒക്ടോബർ ൨൦-ാംതീയതി കാഞ്ഞിരപ്പള്ളി പോലീസ്, തന്റെ വീട് തിരിച്ചു അനാവശ്യമായി പ്രവേശിച്ചുവെന്നും അംബികാവിലാസം വീട്ടിൽ പാറുക്കുട്ടി എന്ന ഒരു സ്ത്രീ മാപ്പെഴുതിക്കൊടുക്കാൻ, അധികാരികൾക്കും പരാതി അയച്ചിരുന്നോ;

(ബി) അതു സംബന്ധിച്ചു വസ്തുതകളുടെ വിവരം പറയുന്നതിനു മയവുണ്ടാകുമോ;

(സി) ആരോപണം ശരിയാണെങ്കിൽ അതിൽ സംബന്ധിച്ചു ഉദ്യോഗസ്ഥന്മാർ ആരെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) ഹർജിക്കാരിയുടെ ഭർത്താവായ മാനവൻ എന്ന കോൺസ്റ്റബിൾ (പി. സി. ൟ൫൪) കോട്ടയം പോലീസ് റജിസ്റ്റർ ചെയ്തിട്ടുള്ള ഒരു അഴിമതി അന്വേഷണക്കേസിൽ ഉൾപ്പെട്ടിട്ടുള്ളതായി അറിവാകയാൽ ടി കോൺസ്റ്റബിളിന്റെ ഭവനം പോലീസിനു പരിശോധിക്കേണ്ടതായി വന്നു. മാന്യന്മാരായ അയൽപക്കക്കാരുടെയും മറ്റും സാന്നിദ്ധ്യത്തിലാണ് ഭവനപരിശോധന നടത്തിയതു്. പരിശോധനയ്ക്കു വന്നപ്പോൾ ഭവനം പൂട്ടിയിരിക്കുന്നതായി കാണുകയാൽ ഒരു കൊല്ലനെക്കൊണ്ടു പൂട്ടു തുറപ്പിക്കേണ്ടതായി വന്നു. ഹർജിയിൽ പ്രസ്താവിച്ചിട്ടുള്ളതായ ആരോപണങ്ങളും ശരിയല്ല.

(സി) ഉദിക്കുന്നില്ല.

Question posted for Answer on 8th November 1950

MINERALS IN SOUTH TRAVANCORE FOR MAKING PENCIL

*1193. [43] Sri. K. Ramakrishnan Achari: Will the Hon'ble Minister be pleased to answer the following questions:—

(a) are the Government aware that minerals like sulphur, Mica, and sand used for making pencil, etc. are available in South Travancore?

(b) if so, do the Government propose to process them?

Chief Minister (Sri. T. K. Narayana Pillai):

(a) Yes, as regards the minerals except Sulphur.

(b) Now minerals is a Central subject.

Questions posted for Answer on 10th November 1950

തിരുമുപ്പ് ടാങ്ക്

*൧൧൪൯. (൫൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പറവൂർ താലൂക്കിൽ കുന്നത്തുവകയായുള്ള തിരുമുപ്പ് ടാങ്ക് നന്നാക്കണമെന്നും പ്രസ്തുത താലൂക്കിനെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly